(ബി) എങ്കിൽ വകുപ്പിന്റെ നേരിട്ടുള്ള വിനിയോഗത്തിൽ സ്ഥിതി മെച്ചമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചു നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പിൻവലിച്ചിട്ടില്ല.

എന്നാൽ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പട്ടികവർഗ്ഗ ഉപ പദ്ധതി പ്രകാരമുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2001-2002-ൽ പിൻവലിച്ചതിനുശേഷമുള്ള പദ്ധതിയുടെ പ്രവർത്തനം വകുപ്പുതലത്തിലും സർക്കാർ തലത്തിലും വിലയിരുത്തിയിട്ടുണ്ട്.

(ബി) 2001-2002-ൽ പട്ടികവർഗ്ഗ ഉപ പദ്ധതി പ്രകാരമുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പിൻവലിച്ചശേഷം തൻവർഷം വകുപ്പിന്റെ നേരിട്ടുള്ള വിനിയോഗത്തിലൂടെ കൈവരിച്ച ഭൗതിക നേട്ടങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2003-2004 വർഷം മുതൽ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ അൻപത് ശതമാനം പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ വീണ്ടും അനുവദിച്ച് നല്കിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു തൊഴിൽ ലഭ്യമാക്കുന്നതിന് പ്രവർത്തിക്കുന്ന ഏജൻസി

115 [3702] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപെട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി ഏത് ഏജൻസിയാണ് പ്രവർത്തിക്കുന്നത്;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഏജൻസിയുടെ പ്രവർത്തന ഫലമായി 2003-2004-ൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ എന്നീ ഏജൻസികൾ പ്രവർത്തിക്കുന്നു.

(ബി) കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹികവും ,സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടാണ് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യം സാക്ഷാൽകരിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ പരമ്പരാഗത മേഖലകളിലും, ആധുനിക തൊഴിൽ സാദ്ധ്യതകളുള്ള മേഖലകളിലും കോർപ്പറേഷന്റെ മൂലധനവും, ഇതര ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായവും ഉപയോഗിച്ച് വിവിധ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പാർപ്പിട സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലും, കോർപ്പറേഷൻ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്, സ്വദേശത്തും രാജ്യത്തിനു പുറത്തും തൊഴിൽ അധിഷ്ഠിത പ്രൊഫഷണൽ ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ ചേർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി കോർപ്പറേഷൻ വായ്പ നല്കുന്നുണ്ട്. കൂടാതെ നിയമാനുസരണമുള്ള പാസ്പോർട്ട്, വർക്ക് എഗ്രിമെന്റ്, വിസ എന്നിവയുള്ളവരും വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവരുമായ പട്ടിക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ സംബന്ധമായ ധനസഹായം എന്ന നിലയിൽ കോർപ്പറേഷൻ വായ്പ നല്കുന്നുണ്ട്. ഇവയ്ക്കു പുറമേ, പട്ടിക വിഭാഗത്തിൽപ്പെട്ട ദരിദ്ര്യ കുടുംബങ്ങളിലെ രക്ഷിതാക്കൾക്ക് പെൺമക്കളുടെ വിവാഹം നടത്തുന്നതിനുവേണ്ടി വായ്പ ലഭ്യമാക്കുന്ന പദ്ധതിയും കോർപ്പറേഷൻ നടപ്പിലാക്കുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. തടിയേതര വനവിഭവശേഖരണവും വിപണനവും.
2. ചൂരൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന അംഗസംഘങ്ങൾക്കുവേണ്ട അസംസ്കൃത വസ്തുവായ ചൂരൽ വനത്തിൽ നിന്നു ശേഖരിച്ച് വിതരണം ചെയ്യൽ.
3. പെട്രോൾ, ഡീസൽ എന്നിവയുടേയും, പെട്രോളിയം ഉല്പന്നങ്ങളുടെയും പൊതുവിതരണം.

LIBRARY ARCHIVES Kerala Legislative Assembly

4. ആയുർവേദ മരുന്നുകളുടെ ഉല്പാദനവും, വില്പനയും.

5. അംഗസംഘങ്ങൾക്ക് അവയുടെ പ്രവർത്തനത്തിനായി ധനസഹായം ലഭ്യമാക്കുക മുതലായവ.

(സി) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രവർത്തനഫലമായി 2003-2004-ൽ ഏകദേശം 25,000 പേർക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനഫലമായി 1216 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിന് വക കൊള്ളിച്ച തുകയും വിനിയോഗവും

116 [3703] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എത്ര രൂപയാണ് ഓരോ സാമ്പത്തിക വർഷവും നീക്കിവച്ചിരുന്നത്;

(ബി) അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) ചെലവഴിക്കാത്ത തുക എത്ര;

(ഡി) ഇതേ കാലയളവിൽ കേന്ദ്രത്തിൽ നിന്നും വിവിധ ഇനത്തിൽ എന്തു തുക ലഭിച്ചു എന്നും എന്ത് ചെലവഴിച്ചുവെന്നും ചെലവഴിക്കാത്ത തുക എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന പ്രവർത്തനങ്ങൾക്കായി 2004-2005 വരെ വകയിരുത്തിയിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	*വിഹിതം*	
	പദ്ധതി (രൂപ ലക്ഷത്തിൽ)	*പദ്ധതിയിതരം (രൂപ ലക്ഷത്തിൽ)*
2001-2002	16,214.30	5586.37
2002-2003	17,678.30	6019.97
2003-2004	21,046.64	6582.70
2004-2005	20,578.30	6640.42
ആകെ	60,517.54	24,829.46

LIBRARY ARCHIVES Kerala Legislative Assembly